(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ കൊച്ചിയുമായി കപ്പൽ മുഖേന ബന്ധിപ്പിക്കുവാനുദ്ദേശമുണ്ടോ;

(ബി) വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ സാക്ഷാത്കരിക്കപ്പെടുന്നതോടു കൂടി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെക്കൂടി വികസിപ്പിച്ച് കൊച്ചിയുമായി കപ്പൽമുഖേന ബന്ധിപ്പിക്കുന്നത് അവയുടെ കയറ്റിറക്ക് വർദ്ധിപ്പിക്കുന്നതിനും വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും കഴിയുമോ എന്നറിയിക്കാമോ;

(സി) എങ്കിൽ സമയബന്ധിതമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ വികസിപ്പിക്കുവാൻ ശ്രമിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇക്കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല.

(ബി) വല്ലാർപ്പാടം പ്രധാനമായും ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കാനാണ് പദ്ധതി. ചെറുകിട തുറമുഖങ്ങളെ വല്ലാർപ്പാടവുമായി ബന്ധിപ്പിക്കുന്നതുകൊണ്ട് ചരക്ക് കൈകാര്യം ചെയ്യുന്നതിൽ ചെറിയ തോതിലുള്ള പ്രയോജനം ഉണ്ടാകും. തീരദേശ കപ്പൽഗതാഗതം പ്രോത്സാഹിപ്പിക്കാനും കഴിയും.

(സി) ചില ചെറുകിട തുറമുഖങ്ങളുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം തുറമുഖ വികസനം

97 [3611] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി പരസ്യംചെയ്ത ആഗോള ടെൻഡർ അനുസരിച്ച് എത്ര കമ്പനികളാണ് റെസ്പോണ്ട് ചെയ്തിട്ടുള്ളത്; അവ ഏതെല്ലാം;

(ബി) ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തു തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 22 കമ്പനികൾ. പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായ 2005 ആഗസ്റ്റ് മാസം 17-ാം തീയതിക്കുള്ളിൽ ലഭിക്കുന്ന ദർഘാസുകൾ പരിശോധിച്ച് അനുയോജ്യമായ പങ്കാളിയെ കണ്ടെത്തി അവരുമായി സർക്കാർ കരാറിൽ ഏർപ്പെടും. പ്രസ്തുത നടപടികൾ പൂർത്തിയാക്കാൻ ഏകദേശം മൂന്നു മാസത്തെ സമയം വേണ്ടിവരും. സർക്കാരും സ്വകാര്യപങ്കാളിയുംചേർന്ന് സംയുക്ത സംരംഭത്തിലാണ് പദ്ധതി നടപ്പിലാക്കുക. ഈ സംരംഭത്തിൽ 24% ഓഹരി സർക്കാരിന്റേതായിരിക്കും.

കടൽപ്പാലങ്ങൾ

98 [3612] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. ജോർജ് ജെ. മാത്യു:
,, വർക്കല കഹാർ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കടൽപ്പാലങ്ങളുണ്ടായിരുന്നു; ഇവ ഇപ്പോൾ ഉപയോഗയോഗ്യമാണോ;

(ബി) അല്ലെങ്കിൽ ഇവയെ പുനരുദ്ധരിക്കുവാൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് താഴെ പറയുന്ന സ്ഥലങ്ങളിൽ കടൽപ്പാലങ്ങളുണ്ട്:

1. തിരുവനന്തപുരം (വലിയതുറ)
2. ആലപ്പുഴ
3. കോഴിക്കോട് (തെക്കേ കടൽപ്പാലം)
4. കോഴിക്കോട് (വടക്കേ കടൽപ്പാലം)
5. തലശ്ശേരി

ഈ കടൽപ്പാലങ്ങൾ ഇപ്പോൾ ഉപയോഗയോഗ്യമല്ല. എന്നാൽ വലിയതുറ കടൽപ്പാലം ഭാഗികമായി ഉപയോഗിക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly